بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**26-09-2025**

# ഹുനൈൻ യുദ്ധത്തിനുശേഷമുള്ള ചില സംഭവങ്ങൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ എന്നിവയ്ക്കും സൂറത്തുൽ ഫാതിഹയുടെ പാരായണത്തിനും ശേഷം ബഹുമാനപ്പെട്ട ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) ഇപ്രകാരം അരുളി:

കഴിഞ്ഞ ഖുത്ബയിൽ ഹുനൈനിലെ യുദ്ധമുതൽ വിതരണം ചെയ്തതിനെക്കുറിച്ചാണ് പരാമർശിച്ചിരുന്നത്. അതിന്റെ വിശദീകരണം ഇനിയുമുണ്ട്. നബി (സ) യുദ്ധമുതലുകൾ വിതരണം ചെയ്യുകയും പോരാളികൾക്ക് അവരുടെ ഓഹരികൾ നൽകുകയും ചെയ്തുവെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു. അഞ്ചിലൊന്ന് വരുന്ന ഭാഗം ഏതാണ്ട് പൂർണ്ണമായും ഖുറൈശികളുടെയും മറ്റ് അറബ് ഗോത്രങ്ങളുടെയും നേതാക്കൾക്ക് ഹൃദയബന്ധം ദൃഢീകരിക്കുന്നതിനായി വിതരണം ചെയ്തു. ചിലർക്ക് നൂറ് ഒട്ടകങ്ങളും മറ്റു ചിലർക്ക് അമ്പത് ഒട്ടകങ്ങളും നൽകി. ഇത്രയധികം ധനം മറ്റുള്ളവർക്ക് നൽകിയതോടെ അൻസാറുകളിലെ ചില യുവാക്കൾക്ക് വിഷമമായി. ചെയ്ത സേവനങ്ങളുടെയും ദൈവദൂതനോടുള്ള സ്നേഹത്തിന്റെയും അടിസ്ഥാനത്തിൽ തങ്ങൾക്കാണ് മറ്റുള്ളവരെക്കാൾ കൂടുതൽ അവകാശമെന്ന് അവർ കരുതി.

അശ്രദ്ധയോടെ പറയുന്ന വാക്കുകൾക്ക് ചിലപ്പോൾ ദൂരവ്യാപകമായ ഫലങ്ങളുണ്ടാകും. നബി(സ)യുടെ വിതരണത്തിൽ അൻസാറുകളിലെ യുവജനങ്ങൾ അതൃപ്തി പ്രകടിപ്പിച്ചുവെങ്കിലും എല്ലാവരും അങ്ങനെ ചെയ്തിരുന്നില്ല. എന്നാൽ അല്ലാഹുവിനും അവന്റെ റസൂലിനും(സ) ഈ കാര്യം വളരെ നീരസമുണ്ടാക്കുന്നതായിരുന്നു, ലോകാവസാനം വരെ അതിന്റെ ഫലം അൻസാറുകൾക്ക് അനുഭവിക്കേണ്ടി വന്നു. അതിനെക്കുറിച്ച് സംസാരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു:

നബി (സ) മക്ക കീഴടക്കിയപ്പോൾ, മക്കക്കാർ തിരുമേനിയുടെ അടുക്കൽ വന്നു. ഈമാനുമായി പൂർണ്ണപരിചയം ലഭിക്കാത്തതിനാൽ അവരുടെ ദൃഷ്ടികൾ ഇപ്പോഴും ലൗകികതയിലേക്ക് ആയിരുന്നു. അതിനു ശേഷമുള്ള ഒരു യുദ്ധത്തിൽ മുസ്ലീങ്ങൾക്ക യുദ്ധമുതലുകൾ ലഭിച്ചു. നബി(സ) ആ സമ്പത്ത് അവർക്ക് വിതരണം ചെയ്തു. ഒരു

അൻസാരി യുവാവ് ഒരു സദസ്സിൽ പറഞ്ഞു: 'ഞങ്ങളുടെ വാളുകളിൽ നിന്ന് രക്തം ഇറ്റു വീഴുന്നു, നബി(സ) തന്റെ ബന്ധുക്കൾക്ക് ധനം നൽകിയിരിക്കുന്നു.' അവിടുന്ന് ഇത് അറിഞ്ഞപ്പോൾ, അൻസാറുകളിലെ മുതിർന്ന നേതാക്കളെ വിളിച്ച്, തനിക്ക് ഇങ്ങനെയൊരു സംസാരം കേൾക്കാൻ ഇടയായി എന്ന് അന്വേഷിച്ചു. അൻസാറുകൾ കരഞ്ഞു കൊണ്ട് പറഞ്ഞു: 'വിവേകമില്ലാത്ത ആരോ പറഞ്ഞതാണ്.'

അവിടുന്ന് പറഞ്ഞു: ഇല്ല, അല്ലയോ അൻസാറുകളേ, നിങ്ങൾക്ക് ഇങ്ങനെ പറയാം: ആരും അഭയം നൽകാതിരുന്നപ്പോൾ ഞങ്ങൾ മുഹമ്മദിന്(സ) അഭയം നൽകി, അദ്ദേഹത്തെ സ്വന്തം നാട്ടുകാർ പുറത്താക്കിയപ്പോൾ ഞങ്ങൾ അദ്ദേഹത്തിന് അഭയം നൽകി. എന്നിട്ട് അദ്ദേഹത്തിന് ബഹുമാനവും വിജയവും നേടിക്കൊടുത്തപ്പോൾ, അദ്ദേഹം ധനം തന്റെ ബന്ധുക്കൾക്ക് വിതരണം ചെയ്തു. ഇത് കേട്ട് അൻസാരികൾക്ക് കരച്ചിൽ അടക്കാൻ കഴിഞ്ഞില്ല. അവർ പറഞ്ഞു: യാ റസൂലല്ലാഹ്, ഞങ്ങൾ അങ്ങനെ പറയുന്നില്ല. പിന്നെ അവിടുന്ന് പറഞ്ഞു: നിങ്ങൾക്ക് ഈ കാര്യം മറ്റൊരു തരത്തിലും പറയാവുന്നതാണ്. അതായത്, മുഴുലോകത്തിനും സന്മാർഗം നൽകാൻ ദൈവം നിയോഗിച്ച വ്യക്തി മക്കയുടെതായിരുന്നു, എന്നാൽ അല്ലാഹു അദ്ദേഹത്തെ മദീനയിലേക്ക് കൊണ്ടുപോയി, അല്ലാഹു തന്റെ ശക്തിപ്രഭാവത്താൽ മക്കയെ അദ്ദേഹത്തിന് കീഴടക്കി കൊടുത്തു. ആ സമയത്ത് മക്കക്കാർ വിചാരിച്ചു, അവരുടെ വ്യക്തി അവർക്ക് തിരികെ ലഭിക്കുമെന്ന്. എന്നാൽ മക്കക്കാർ ആടുകളെയും ഒട്ടകങ്ങളെയും കൊണ്ട് പോയപ്പോൾ, മദീനക്കാർ അല്ലാഹുവിന്റെ റസൂലിനെ കൂടെ കൊണ്ടുപോയി സ്വന്തം നഗരത്തിലേക്ക് മടങ്ങി. തുടർന്ന് അവിടുന്ന് പറഞ്ഞു: തീർച്ചയായും ഈ സംസാരം ഒരു വിവേകമില്ലാത്തവന്റെ വായിൽ നിന്ന് വന്നതായിരിക്കാം. എന്നാൽ അതു കാരണം ഇനി നിങ്ങൾക്ക് ഈ ലോകത്തിലെ ഭരണം ലഭിക്കുകയില്ല. ഇനി നിങ്ങളുടെ സേവനങ്ങൾക്ക് പ്രതിഫലം ഹൗളെ കൗസറിൽ വെച്ച് മാത്രമേ ലഭിക്കൂ. നോക്കൂ, ഇസ്‌ലാമിക ചരിത്രത്തിൽ പതിമൂന്ന് നൂറ്റാണ്ടുകൾ കഴിഞ്ഞു, പതിന്നാലാം നൂറ്റാണ്ടും കടന്നുപോവുകയാണ്. (അതും കഴിഞ്ഞു കടന്നു) ഈ കാലയളവിൽ ഓരോ സമുദായവും ഇസ്ലാം മുഖേന ഭരണകർത്താക്കളായിട്ടുണ്ട്, എന്നാൽ ഒരു അൻസാരിക്കും രാജാവാകാൻ സാധിച്ചില്ല. അതുകൊണ്ട്, ചിലപ്പോൾ ഒരാളുടെ സംസാരം ഒരു സമുദായത്തിന് മുഴുവൻ നഷ്ടത്തിന് കാരണമായേക്കാം.

ഹദ്ത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ ഖുത്ബയിൽ ഈ സംഭവം വിവരിച്ച ശേഷം ജമാഅത്തിന് നൽകിയ ഉപദേശം അന്നുള്ള പോലെത്തന്നെ ഇന്നും നമുക്ക് പ്രാധാന്യമർഹിക്കുന്നതാണ്. അദ്ദേഹം പറഞ്ഞു: പദവികളോ സമ്പത്തോ ലഭിക്കാൻ വേണ്ടി ത്യാഗം ചെയ്യുന്നവർ, എന്റെ വിളി കേട്ട് (ഖലീഫയുടെ വിളി കേട്ട്) ത്യാഗത്തിനായി ഒരിക്കലും വരേണ്ടതില്ല. ദൈവത്തിനു വേണ്ടി ത്യാഗം ചെയ്യുന്നവർമാത്രംവരുക.ദുർബലനുംരോഗിയുമായ മനുഷ്യനാണ് ഞാൻ. ആരുടെയും ഔദാര്യം ചുമക്കാൻ എനിക്ക് കഴിയില്ല. ഞാൻ എനിക്കുവേണ്ടി ചോദിക്കുന്നില്ല. ദൈവത്തിനു വേണ്ടി നൽകുന്നവൻ നൽകട്ടെ. അല്ലാഹു അതിന് പ്രതിഫലം നൽകുകയും ചെയ്യും. അല്ലാഹുവിൽ ഭരമേൽപ്പിക്കുകയാണ് വേണ്ടത്. അവൻ ഇച്ഛിക്കുന്നെങ്കിൽ ഈ ലോകത്ത് നൽകും. അല്ലെങ്കിൽ പരലോകത്ത് നൽകുന്നതായിരിക്കും എന്തായാലും, ആത്മാർത്ഥതയോടെ ത്യാഗം ചെയ്യുന്നവന്റെ ത്യാഗം പാഴാക്കപ്പെടുകയില്ല. വിശ്വാസിയുടെ ത്യാഗം ആർക്കും പാഴാക്കാൻ കഴിയില്ല. അതിനാൽ, ത്യാഗം ചെയ്യുന്നവർ ദൈവത്തെ മാത്രമായിരിക്കും ലക്ഷ്യമിടുക, അല്ലാതെ ലോകത്തെയല്ല.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഒരു പ്രായമെത്തുമ്പോൾ, 'ഞങ്ങൾക്ക് ഇത്രയധികം അനുഭവമുണ്ട്, ഞങ്ങൾ ഇത്രയധികം സേവനങ്ങൾ ചെയ്തിട്ടുണ്ട്, അതിനുള്ള പ്രതിഫലം ഞങ്ങൾക്ക് ലഭിക്കണം, അതു ലഭിക്കുന്നില്ലല്ലോ എന്ന് ജമാഅത്ത് അംഗങ്ങൾക്കിടയിലും ചിന്തകൾ ഉണ്ടാകാറുണ്ട്. ഇഹലോകത്തിലെ പ്രതിഫലം മാത്രമാണോ നേടേണ്ടത്, അതോ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയാകണമോ എന്ന് അവർ ചിന്തിക്കട്ടെ. ഇന്ന് അൻസാറുല്ലായുടെ ഇജ്തിമാഅ് ആരംഭിക്കുകയാണല്ലോ. അനുഭവസമ്പത്ത് വർദ്ധിക്കുന്ന ഈ പ്രായത്തിൽ ഇത്തരം ചിന്തകൾ വരാൻ സാധ്യതയുണ്ട്. അൻസാറുകളോടും എനിക്ക് ഇത് തന്നെയാണ് പറയാനുള്ളത്. തങ്ങളുടെ അനുഭവത്തിന്റെയോ സേവനത്തിന്റെയോ പേരിൽ ആരുടെയെങ്കിലും മനസ്സിൽ വല്ല ചിന്തകളും ഉണ്ടാകുന്നുണ്ടെങ്കിൽ, അവർ അത് തള്ളിക്കളയുകയും അല്ലാഹുവിന്റെ തൃപ്തി നേടാൻ ശ്രമിക്കുകയും ചെയ്യുക.

ഈ സന്ദർഭത്തിൽ അഅ്റാബികളുടെ അക്ഷമയെ സംബന്ധിച്ചും പരാമർശമുണ്ട്. യുദ്ധമുതലുകൾ വിതരണം ചെയ്യുന്ന സമയത്ത് കുറച്ച് ഗ്രാമീണർ നബി(സ)യുടെ ചുറ്റും തടിച്ചുകൂടി ധനം ആവശ്യപ്പെടാൻ തുടങ്ങി. ഗ്രാമീണരുടെ ഈ മോശം പെരുമാറ്റത്തിന് നബി(സ) അവരെ ശാസിക്കുകയോ ദേഷ്യപ്പെടുകയോ ചെയ്തില്ല, മറിച്ച് പുഞ്ചിരിച്ചുകൊണ്ട് വളരെ മികച്ച രീതിയിൽ അവർക്ക് ശിക്ഷണം നൽകുകയും അവർക്ക് ധനം നൽകുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഈ യുദ്ധങ്ങൾക്കുശേഷം, പരാജിതരായ ശത്രുക്കളിൽനിന്ന് പിഴകളായും യുദ്ധക്കളത്തിൽ ഉപേക്ഷിക്കപ്പെട്ട വസ്തുക്കളായും ശേഖരിച്ച യുദ്ധമുതലുകൾ നബി(സ) ഇസ്ലാമിക സൈന്യത്തിൽ വിതരണം ചെയ്യുകയായിരുന്നു പതിവ്. എന്നാൽ ഈ സന്ദർഭത്തിൽ, ആ ധനം മുസ്ലീങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിനു പകരം, അവിടുന്ന് അത് മക്കയിലെയും പരിസര പ്രദേശങ്ങളിലെയും ആളുകൾക്ക് വിതരണം ചെയ്തു. വിശ്വാസം അവരിൽ ഇപ്പോഴും സംജാതമായിരുന്നില്ല. പലരും അവിശ്വാസികൾ തന്നെയായിരുന്നു. മുസ്ലീങ്ങളാകട്ടെ പുതിയതായി ഇസ്‌ലാം സ്വീകരിച്ചവരായിരുന്നു. ഒരു സമൂഹം തന്റെ സമ്പത്ത് മറ്റുള്ളവരിൽ വിതരണം ചെയ്യുക എന്നത് അവരെ സംബന്ധിച്ചിടത്തോളം പുതിയ കാര്യമായിരുന്നു. ഈ ധനം വിതരണം ചെയ്തത് ഹൃദയത്തിൽ നന്മയും ഭക്തിയും ഉടലെടുക്കുന്നതിനു പകരം ചിലരിൽ അത്യാഗ്രഹം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ നബി(സ)യുടെ ചുറ്റും തടിച്ചുകൂടി കൂടുതൽ ആവശ്യങ്ങൾ ഉന്നയിച്ച് തിരുമേനിയെ വിഷമിപ്പിക്കാൻ തുടങ്ങി. അവസാനം, അവർ തിരുമേനിയെ ഒരു മരത്തിനടുത്തേക്ക് വരെ തള്ളിമാറ്റി. ഒരു വ്യക്തി അവിടുത്തെ തോളിൽ കിടന്നിരുന്ന ചാദർ പിടിച്ച് തിരിക്കാൻ തുടങ്ങി. അവിടുത്തെ ശ്വാസം പോലും നിലയ്ക്കുന്ന അവസ്ഥയായി. അവിടുന്ന് പറഞ്ഞു: 'അല്ലയോ ജനങ്ങളേ, എന്റെ കൈവശം വേറെ എന്തെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ, അതും ഞാൻ നിങ്ങൾക്ക് നൽകിയേനെ. എന്നെ നിങ്ങൾ ഒരിക്കലും പിശുക്കനായോ ഭീരുവായോ കണ്ടെത്തുകയില്ല.'

പിന്നീട് അവിടുന്ന് തന്റെ ഒട്ടകത്തിന്റെ അടുത്തുപോയി അതിന്റെ ഒരു രോമം പറിച്ച് ഉയർത്തിക്കാണിച്ചുകൊണ്ട് പറഞ്ഞു: അല്ലയോ ജനങ്ങളേ, നിങ്ങളുടെ ധനത്തിൽ നിന്ന് ഈ രോമത്തിന്റെ അത്രപോലും എനിക്ക് ആവശ്യമില്ല; അറബ് നിയമപ്രകാരം ഭരണകൂടത്തിനുള്ള അഞ്ചിലൊന്ന് ഒഴികെ. ആ അഞ്ചിലൊന്നും ഞാൻ എന്റെ സ്വന്തം കാര്യത്തിനായി ചെലവഴിക്കുന്നില്ല, മറിച്ച് അത് നിങ്ങൾക്ക് വേണ്ടിയാണ് ചെലവഴിക്കുന്നത്.

വഞ്ചന കാണിക്കുന്നവൻ അന്ത്യനാളിൽ ദൈവത്തിന്റെ സന്നിധിയിൽ അപമാനിതനാകുമെന്ന് ഓർമ്മിക്കുക.

മുഹമ്മദ് റസൂലുല്ലാഹി (സ) രാജ്യഭരണം ആഗ്രഹിച്ചിരുന്നു എന്നാണ് വിമർശകർ പറയുന്നത്. രാജാവും പ്രജകളും തമ്മിൽ ഇങ്ങനെയുള്ള ബന്ധമാണോ ഉണ്ടാകാറ്? ഒരു രാജാവിനെ തള്ളിമാറ്റി അദ്ദേഹത്തിന്റെ കഴുത്തിൽ കയറിട്ട് ഞെരിക്കാൻ ആരെങ്കിലും ധൈര്യപ്പെടുമോ? അല്ലാഹുവിന്റെ ദൂതന്മാർക്കല്ലാതെ ആർക്കാണ് ഈ മാതൃക കാണിക്കാൻ കഴിയുക? ഈ രീതിയിൽ എല്ലാ ധനവും പാവപ്പെട്ടവർക്കിടയിൽ വിതരണം ചെയ്തിട്ടും, നബി(സ)യുടെ വിതരണം നീതിയുക്തമല്ലെന്ന് വിശ്വസിക്കുന്ന കഠിനഹൃദയരായ ആളുകൾ അപ്പോഴും ഉണ്ടായിരുന്നു.

ഹദീസുകളിൽ വന്നിരിക്കുന്ന നിവേദനങ്ങൾ ഇപ്രകാരമാണ്: യുദ്ധമുതലുകൾ വിതരണം ചെയ്യുന്ന സമയത്ത് ഒരു ഗ്രാമീണഅറബി നബി(സ)യുടെ അടുത്ത് വന്നു, എന്നിട്ട് പറഞ്ഞു: അല്ലയോ മുഹമ്മദ്(സ), നിങ്ങൾ എന്നോട് ചെയ്ത വാഗ്ദാനം പാലിക്കുക. നബി(സ) പറഞ്ഞു: സന്തോഷിക്കുക. ആ ഗ്രാമീണൻ പറഞ്ഞു: അങ്ങ് പലപ്പോഴും സന്തോഷിക്കുക എന്ന് മാത്രമാണ് പറയുന്നത്. അവിടുന്ന് ഒന്നും നൽകുന്നില്ല, പറയുക മാത്രമേ ചെയ്യുന്നുള്ളൂ.

നബി(സ)ക്ക് ഇയാളുടെ ഈ പ്രതികരണം തീരെ ഇഷ്ടപ്പെട്ടില്ല. അവിടുന്ന് അയാൾക്ക് തന്റെ മുഖം നല്കാതെ അവിടെ നിന്നിരുന്ന ഹദ്റത്ത് അബൂ മൂസൽ അശ്അരിയുടെയും ഹദ്റത്ത് ബിലാലിന്റെയും നേർക്ക് തിരിഞ്ഞ് പറഞ്ഞു: ഇയാൾ സന്തോഷവാർത്ത സ്വീകരിക്കാൻ സ്വയം വിസമ്മതിച്ചിരിക്കുന്നു, ഇനി നിങ്ങൾ സ്വീകരിക്കുക. ഇത് കേട്ട് രണ്ടുപേരും ഉടൻ പറഞ്ഞു: യാ റസൂലല്ലാഹ്, ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു.

അതിനുശേഷം നബി(സ) ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെടുകയും അതിൽ തന്റെ കൈയും മുഖവും കഴുകുകയും ചെയ്തു. ബാക്കിവന്നവെള്ളം അവിടുന്ന് ഹദ്റത്ത് അബൂ മൂസാ(റ)ക്കും ഹദ്റത്ത് ബിലാലി(റ)നും നൽകിക്കൊണ്ട് പറഞ്ഞു: നിങ്ങൾ രണ്ടുപേരും ഈ വെള്ളം കുടിക്കുക, നിങ്ങളുടെ മുഖത്തും നെഞ്ചിലും ഒഴിക്കുക, സന്തോഷിക്കുക. അങ്ങനെ അവർ പാത്രം വാങ്ങി അതുപോലെ ചെയ്തു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇവിടെ, പ്രവാചകപത്നിമാരുടെ ആത്മാർത്ഥതയുടെയും നബി(സ) തിരുമേനിയിൽനിന്ന്അനുഗ്രഹം നേടാൻ വെമ്പൽ കൊള്ളുന്നതിന്റെയും അപാരവും അസൂയാർഹവുമായ ഒരു ദൃശ്യം കാണാൻ സാധിക്കും. എഴുതുന്നു: അടുത്ത് ഒരു കൂടാരത്തിൽ ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സലമയും(റ) ഉണ്ടായിരുന്നു. അവർ പർദ്ദയുടെ പിന്നിൽ നിന്ന് അവരോട് പറഞ്ഞു: നിങ്ങളുടെ മാതാവിനുവേണ്ടിയും കുറച്ച് വെള്ളം ബാക്കിവെക്കുക. അങ്ങനെ അവർ ഹദ്റത്ത് ഉമ്മു സലമക്ക് വേണ്ടിയും കുറച്ച് വെള്ളം പാത്രത്തിൽ ബാക്കിവെച്ചു.

ഖുതുബയുടെ അവസാനം ഹുസൂർ തിരുമനസ്സ് രണ്ട് മർഹൂമീങ്ങളെ അനുസ്മരിച്ചു.

ആദ്യത്തെത്, റൊമാനിയയിലെ മുബല്ലിഗ് സിൽസില ആയിരുന്ന മുക്കറം ഫഹീമുദ്ദീൻ നാസിർ സാഹിബിനെക്കുറിച്ചാണ്. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഹദ്റത്ത് മിർസാ ഇലം ദീൻ സാഹിബിലൂടെയാണ്. മർഹൂം 1996 ജൂണിൽ ജാമിഅ അഹ്മദിയ്യയിൽ നിന്ന് പഠനം പൂർത്തിയാക്കി. ഖുർആൻ തഫ്സീറിൽ അദ്ദേഹം സ്പെഷലൈസ് ചെയ്തു. 2006-ൽ അദ്ദേഹത്തെ റൊമാനിയയിലേക്ക് അയക്കുകയും മരണം വരെ അവിടെ സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് ലഭിക്കുകയും ചെയ്തു. വിദേശ രാജ്യത്ത് ദീനിന് വേണ്ടി ത്യാഗം ചെയ്തതിനാൽ, അദ്ദേഹത്തിന്റെ സ്ഥാനം

ഒരു രക്തസാക്ഷിയുടേതിന് തുല്യമാണ്. അവസാന ശ്വാസം വരെ അദ്ദേഹം തന്റെ പ്രതിജ്ഞ പാലിക്കുകയും അത് നന്നായി നിർവഹിക്കുകയും ചെയ്തു. വാഖിഫീനെ സിന്ദഗികൾക്ക് അദ്ദേഹം ഒരു മാതൃകയാണ്.

രണ്ടാമത്തേത് കാനഡയിലുള്ള അബ്ദുൽ റഷീദ് ഫാറൂഖി സാഹിബിന്റെ മകൻ അബ്ദുൽ അലീം ഫാറൂഖി സാഹിബിനെക്കുറിച്ചാണ്. ആയുധധാരികളായ കവർച്ചക്കാർ അദ്ദേഹത്തിന്റെ വീട്ടിൽ വച്ച് വെടി വച്ചു കൊല്ലുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ .അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാബിമാരായ ഹദ്റത്ത് മൗലവി ഖുദ്റത്തുള്ളാ സാഹിബ് സന്നൗരിയുടെയും ഹദ്റത്ത് മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിന്റെയും പേരമക്കളുടെ പുത്രനായിരുന്നു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَالْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 26.09.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY BM ARIF MOHAMMED
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516